# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യൂണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്
ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in


## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 47/2021 (ചൊവ്വാഴ്ച)** **തീയ്യതി: 15.06.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 16.06.2021 | 17.06.2021 | 18.06.2021 | 19.06.2021 | 20.06.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 30 | 25 | 20 | 10 | 10 |
| ഉയർന്ന താപനില (°C) | 25 | 27 | 27 | 27 | 27 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 69 | 69 | 69 | 69 | 69 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 18 | 14 | 14 | 12 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 250 | 250 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 8 | 8 | 7 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ മിതമായ മഴയ്ക്ക് സാധ്യത . കൂടിയ താപനില 27°C വരെയും കുറഞ്ഞ താപനില 23°C വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: അഴുകലിൽ നിന്ന് വിളകളെ സംരക്ഷിക്കുന്നതിനായി കൃഷിയിടങ്ങളിൽ കൃത്യമായ നീർവാർച്ച സൗകര്യം ഒരുക്കുക. രോഗ കീടങ്ങളെ പ്രതിരോധിക്കുന്നതിനായി നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക. മഴയില്ലാത്ത സാഹചര്യങ്ങളിൽ മാത്രം വളവും കീടനാശിനികളും പ്രയോഗിക്കുക.

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| തെങ്ങ് | വളപ്രയോഗം | പ്രധാനമായും അമ്ലാംശം കൂടുതലുള്ള മണ്ണിൽ രാസവളങ്ങൾക്കു പുറമെ പ്രതിവർഷം തെങ്ങൊന്നിന് ഒരു കിലോഗ്രാം കുമ്മായമോ ഡോളോമൈറ്റോ ഏപ്രിൽ- മെയ് മാസങ്ങളിൽ രാസവള പ്രയോഗത്തിന് മുൻപ് തടങ്ങളിൽ വിതറി ചേർക്കണം. രണ്ടാഴ്ച കഴിഞ്ഞു തെങ്ങൊന്നിന് 25 കിലോ ജൈവവളവും 5 കിലോ വേപ്പിൻ പിണ്ണാക്കും നൽകണം. രാസവളത്തിന്റെ മൂന്നിൽ ഒരു ഭാഗമായ 400 ഗ്രാം യൂറിയ 600 ഗ്രാം റോക്ഫോസ്ഫേറ്റ് 700 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ മെയ്-ജൂൺ മാസത്തിലും മൂന്നിൽ രണ്ടു ഭാഗം സെപ്റ്റംബർ-ഒക്ടോബർ മാസത്തിലും കൊടുക്കാം. തെങ്ങിന് ചുറ്റും ചുവട്ടിൽ നിന്നും 2 മീറ്റർ വീതിയിൽ തടം തുറന്നു ജൈവവളവും രാസവളവും |

| | | |
|---|---|---|
| | | മണ്ണുമായി ചേർത്ത് കൊടുക്കണം. |
| വാഴ | പിണ്ടിപ്പുഴു | പിണ്ടിപ്പുഴുവിന്റെ ആക്രമണം കുറക്കാൻ ബ്യുവേറിയ ബാസിയാന 20 g / 1 L വെള്ളത്തിൽ കലക്കി ഇലകവിളുകളിൽ തളിച്ച്കൊടുക്കുക. വാഴയിൽ ചളി തേച്ചുപിടിപ്പിക്കുക. EPN 4 ഇലകവിളുകളിൽ ഒരെണ്ണം വീതം വയ്ക്കുക. |
| ജാതി | ഇലകൊഴിച്ചിൽ | മഴക്കാലത്തു ജാതിയിൽ ഇലകൊഴിച്ചിൽ രോഗം വരൻ സാധ്യതയുള്ളതിനാൽ മുൻകരുതലായി 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുക. |
| കോഴി വളർത്തൽ | രോഗബാധ | കൂടുകളുടെ തറയിൽ വെള്ളം നനയുന്നതും ഈർപ്പം തങ്ങി നിൽക്കുന്നതും രോഗാണുക്കളുടെ വർദ്ധനവിന്കാരണമാകും. തറയിലെ വിരിപ്പിൽ ഈർപ്പം തട്ടുമ്പോൾ പുറത്തു വരുന്ന അമോണിയ വാതകം കോഴിയുടെ ആരോഗ്യത്തിനു ഹാനികരമാണ്. അതുകൊണ്ടു വിരിപ്പ് ഇടയ്ക്കിടെ ഇളക്കി കൊടുത്തു ഈർപ്പം അകറ്റുവാൻ ശ്രദ്ധിക്കണം. |